# വചന വിചിന്തനം

## മൂന്നാം ഞായർ

### ലൂക്കാ 10,25-37

**"ആപത്തിൽ സഹായിച്ചതിന്റെ പേരിൽ തലമുറകൾക്ക് ആവേശമായി മാറിയ സമരിയക്കാരന്റെ പേര് "നല്ല സമരിയാക്കാരൻ!""**

ക്രിസ്തു നമ്മളെ ഓർമ്മപ്പെടുത്തുന്നത് 'ആരാണ് എന്റെ അയൽക്കാരൻ' എന്നല്ല, മറിച്ച്, 'ആരായിരിക്കണം നല്ല അയൽക്കാരൻ' എന്നാണ്. നമ്മുടെയൊക്കെ അയൽപക്കസങ്കൽപ്പങ്ങളെ മാറ്റിമറിക്കുന്ന ഒന്നാണ് ക്രിസ്തുവിന്റെ അയൽപക്ക സങ്കൽപ്പങ്ങൾ.

ക്രിസ്തു പറഞ്ഞത് സമരിയാക്കാന്റെ ഉപമയാണ്. എന്നാൽ, സമരിയാക്കാരന്റെ ഹൃദയവിശുദ്ധിക്ക് നാം കൽപ്പിച്ച് നൽകിയ പേര് "നല്ല സമരിയാക്കാരന്റെ ഉപമ!" 'സമരിയാക്കാരന്റെ ഉപമ'യെ 'നല്ല സമരിയാക്കാരന്റെ ഉപമ' എന്ന് നാം വിളിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം ഒന്നു മാത്രം; സമരിയാക്കാരൻ നല്ലതു ചെയ്തു എന്നതുമാത്രം. എങ്കിൽ, ഭൗതീകമായ കാഴ്ച്ചപ്പാടിൽ, ഒരു പടി കൂടി കടന്ന് ചിന്തിച്ചാൽ, ദൈവികമായ കാഴ്ച്ചപ്പാടിൽ ഒരുവനെ/ഒരുവളെ നല്ലവനോ/നല്ലവളോ ചീത്തവനോ/ചീത്തവളോ ആക്കി തീർക്കുന്നതിനുള്ള മാനദണ്ഡം ഇതു തന്നെയാണ്; "ഹൃദയത്തിന്റെ നന്മ!" അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും അമ്മയിൽ നിന്ന് നല്ല അമ്മയിലേയ്ക്കും മക്കളിൽ നിന്ന് നല്ല മക്കളിലേയ്ക്കും മാതാപിതാക്കളിൽ നിന്ന് നല്ല മാതാപിതാക്കളിലേയ്ക്കും സുഹൃത്തുകളിൽ നിന്ന് നല്ല സുഹൃത്തുക്കളിലേയ്ക്കും അയൽക്കാരിൽ നിന്ന് നല്ല അയൽക്കാരിലേയ്ക്കുമുള്ള ദൂരവും ഇതു തന്നെയാണ്; "ഹൃദയത്തിന്റെ നന്മ!"

അനുദിനജീവിതത്തിൽ ഈ അടുത്ത് കണ്ട ഒരു നല്ല സമരിയാക്കാരനെ കുറിച്ച് രണ്ട് വാക്ക്. അദ്ദേഹത്തിന്റെ പേര് എസ് മനോഹർ കിണി. പേര് പോലെ തന്നെ മനോഹരവുമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തിയും. മോട്ടോർ വാഹന അപകട കേസുകൾ കൈക്കാര്യം ചെയ്യുന്ന പാലക്കാട് അഡീഷനൽ ജില്ലാ ജഡ്ജിയാണ് എസ് മനോഹർ കിണി (2015 ഏപ്രിൽ 28, മലയാള മനോരമ). കോടതി ജീവനക്കാർക്ക് 22 വർഷം മുമ്പ് പറ്റിയ തെറ്റിലൂടെ നഷ്ടപരിഹാരത്തുക നഷ്ടപ്പെട്ട കുടുംബത്തിന് സ്വന്തം ശമ്പളത്തിൽ നിന്നു മുഴുവൻ തുകയും സമ്മാനിച്ചാണ് എസ് മനോഹർ കിണി നല്ല സമരിയാക്കാരനായത്. കണ്ണുനീരൊപ്പിയത് ഒരു കുടുംബത്തിന്റേതല്ല, മറിച്ച്, രണ്ടു കുടുംബത്തിന്റേതാണ്. പാലക്കാട്ട് ശ്രീകുമാർ എന്ന ഏഴുവയസുക്കാരന്റെ മരണത്തിന് സമാശ്വാസമായി ഒരു ലക്ഷം രൂപ ഇൻഷൂറൻസ് തുകയായി നൽകാൻ കോടതി വിധിച്ചു. എന്നാൽ, കോടതി ജീവനക്കാരുടെ അനാസ്ഥ കൊണ്ട് പണം ലഭിച്ചത് മറ്റൊരു വ്യക്തിക്ക്. വീണ്ടും കേസ് പരിഗണിച്ചപ്പോൾ ആർക്കാണോ പണം തെറ്റായി ലഭിച്ചത് അവരിൽ നിന്ന് പണം വസൂലാക്കാൻ കോടതി തിരുമാനമായി. പക്ഷെ, അവരുടെ വീട്ടിൽ ചെന്നു കണ്ടപ്പോൾ അവരുടെ അവസ്ഥ വളരെ ദയനീയമാണ് എന്ന് തിരിച്ചറിഞ്ഞ ജഡ്ജി, എസ് മനോഹർ കിണി തന്റെ സ്വന്തം ശമ്പളത്തിൽ നിന്ന് ഒരു ലക്ഷം രൂപ നൽകി തന്റെ മുൻഗാമികളുടെ തെറ്റിന് പ്രശ്ചിത്തം ചെയ്തു.

ലോകചരിത്രത്തിലെ തന്നെ ഏറ്റവും മനോഹരമായ ചെറുകഥകളിൽ ഒന്നായ നല്ല സമരിയാക്കാരന്റെ ഉപമ ഇന്നും ലോകത്തിന് ആവേശമാണ്. കാരണം, ഇതു പഠിപ്പിക്കുന്ന പാഠങ്ങൾ വലുതാണ്. കർത്താവിനെ പരീക്ഷിക്കാനായി നിയമജ്ഞൻ ചോദിക്കുന്ന ചോദ്യമിതാണ്, "ആരാണ് എന്റെ അയൽക്കാരൻ? (10,29). എന്നാൽ, ക്രിസ്തു പറയുന്നത് "ആരാണ് എന്റെ അയൽക്കാരൻ?" എന്നുള്ള ചോദ്യത്തിനുള്ള ഉത്തരമല്ല. മറിച്ച്, "ആരായിരിക്കണം നല്ല അയൽക്കാരൻ?" എന്നതിനുള്ള ഉത്തരമാണ്. "കവർച്ചക്കാരുടെ കൈയിൽ അകപ്പെട്ട ആ മനുഷ്യന് ഈ മൂന്നുപേരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? (10,36). ക്രിസ്തു കാണിച്ച് തരുന്നത്, 'അയൽക്കാരെ തേടി നട

ക്കാതെ നല്ല അയൽക്കാരനാകാൻ ശ്രദ്ധിക്കുക' എന്നതു മാത്രമാണ്. നിയമജ്ഞനെ കരുണ പഠിപ്പിക്കുന്ന വചനഭാഗത്തിൽ ക്രിസ്തു ചോദിക്കുന്ന ചോദ്യം, "ആരാണ് നല്ല അയൽക്കാരനായി വർത്തിച്ചത്?" അതിനുള്ള ഉത്തരം, "അവനോട് കരുണ കാണിച്ചവരൻ (10,37). ക്രിസ്തു ഓർമ്മപ്പെടുത്തുന്നു, "നീയും പോയി അതുപോലെ ചെയ്യുക (10,37). ചുരുക്കത്തിൽ, നിത്യജീവൻ അവകാശമാക്കാൻ കരുണ കാണിക്കുന്നവനാവുക. അതുവഴിയായ് നല്ല അയൽക്കാരനാവുക!

വാഹനാപകടത്തിൽ പെട്ട ബൈക്കുക്കാരന്റെ ചിത്രം മൊബൈൽ ക്യാമറയിൽ പകർത്താൻ ആവേശത്തോടെ ശ്രമിക്കുന്നവരുടെ ചിത്രം 2008 മെയ് 28 ന് മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നു. വാഹനാപകടത്തിൽ പെട്ടവരെ സഹായിക്കുന്നവരുടെ സമ്മതമില്ലാതെ ഒരു കാരണവശാലും അവരെ ഈ കേസിൽ ഉൾപ്പെടുത്തി സാക്ഷികളാക്കരുത് എന്ന് നിയമം അനുശാസിക്കുന്നുണ്ട്. എന്നിട്ടും നിസംഗതയാണ്. യാത്രക്കാരനെ ഇടിച്ചിട്ട് നിറുത്താതെ പോയ കാറുകാരനോടും സഹയാത്രികന്റെ അതിധാരുണ ദുരന്തം മെബൈൽ ക്യാമറയിലെ ഫോട്ടോ ഗാലറിയിൽ സൂക്ഷിച്ച് വച്ച് അഭിമാനിക്കാൻ മാത്രം അധഃപതിച്ച സമൂഹമനസാക്ഷിയോടും ക്രിസ്തു ചോദിക്കുന്നുണ്ട് "നിനക്ക് ഒരു നല്ല അയൽക്കാരനാകാൻ സാധിക്കുമോ?" യാത്രക്കാരനെ ഇടിച്ചിട്ട് നിറുത്താതെ പോയ കാറുകാരനും സഹയാത്രികന്റെ അതിധാരുണ ദുരന്തം മെബൈൽ ക്യാമറയിലെ ഫോട്ടോ ഗാലറിയിൽ സൂക്ഷിച്ച് വച്ച് അഭിമാനിക്കാൻ മാത്രം അധഃപതിച്ച ജനക്കൂട്ടത്തിനിടയിലും നമ്മളിൽ പലരുടെയും മുഖമുണ്ട്.

"ജീവികളെല്ലാം ഈശ്വരന്റെ

കുടുംബത്തിൽ

ഉള്ളവരാണ്...

ഈ കുടുംബത്തിൽ

നന്മചെയ്യുന്നവർ

ഈശ്വരന് ഏറ്റവും

പ്രിയപ്പെട്ടവർ...'

മുഹമദ് നബി

"എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്താ 25,40). ദൈവരാജ്യം സ്വന്തമാക്കാൻ ദൈവത്തെ എല്ലാ വിസ്മരിച്ച് സ്നേഹിക്കണമെന്നും നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്നും അറിയാത്തവരായി ആരുമില്ല. എന്നിട്ടും തിയറിക്ക് 'എ പ്ലസ്' വാങ്ങിയവർ പ്രാക്ടിക്കലിന് 'ഡി' പോലും കിട്ടാതെ തോറ്റുപോകുന്നു. കായേൻ ദൈവത്തോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, "ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ?" (ഉൽപ്പ 4,9). ദൈവം മറുപടി പറയുന്നത് ഇപ്രകാരമാണ്, "നിന്റെ സഹോദരന്റെ രക്തം മണ്ണിൽ നിന്ന് എന്നെ വിളിച്ച് കരയുന്നു!" (ഉൽപ്പ 4,10). സഹോദരന്റെ കാവൽക്കാർ നാം തന്നെയാണ്. ആവശ്യക്കാരന്റെ അയൽക്കാരാവുക. എങ്കിൽ, ആവശ്യക്കാരന്റെ കൂടെയുള്ളവരാണ് നല്ല അയൽക്കാരൻ.

ക്രിസ്തു ക്രൈസ്തവ അദ്ധ്യാത്മികതയുടെ ചുവർചിത്രങ്ങൾ വരയക്കുകയാണിവിടെ. യഥാർത്ഥ ആദ്ധ്യാത്മികത എന്നു പറയുന്നത് ദൈവാലയശുശ്രൂഷയിലും ബലിയർപ്പണങ്ങളിലും മാത്രം ഒതുങ്ങുന്ന തല്ലായെന്നും അത് പഥിതന്റെയും പാവപ്പെട്ടവന്റെയും അടുത്ത് ചെന്ന് അവന്റെ ഉത്തരവാദിത്ത്വങ്ങൾ ഏറ്റെടുക്കുന്നതു മാണെന്ന് ക്രിസ്തു അടിവരയിട്ട് ആവർത്തിക്കുന്നു. അതുകൊണ്ടാണ് ക്രിസ്തു പറയുന്നത് "നീയും പോയി അത് പോലെ ചെയ്യുക." ചുരുക്കത്തിൽ, അറിയാമെന്ന് പറഞ്ഞ് നടന്നാൽ മാത്രം പോര. ജീവിതപദത്തിലെത്തിക്കാൻ രാവ് പകലാക്കി പരിശ്രമിക്കണമെന്ന് ചുരുക്കം.

ക്രൈസ്തവരുടെ സുവർണ നിയമം എന്താണെന്ന് നമ്മുക്ക് അറിയാം. "മറ്റുള്ളവർ നിങ്ങൾക്ക് എന്ത് ചെയ്തുതരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നവ അവർക്ക് ചെയ്ത് കൊടുക്കുക." മറ്റുള്ളവരുടെ അടുത്ത് കരുതലും കരുണയും കാണിച്ചാൽ മാത്രമെ നമ്മുടെ ജീവിതത്തിന്റെ നൊമ്പരങ്ങളുടെ നെരിപ്പോടുകളിൽ കരുതലും കരുണയും ലഭിക്കുകയുള്ളു. മറ്റുള്ളവരുടെ മുൻപിൽ കരുതലിന്റെയും കരുണയുടെയും വാതിൽ നാം കൊട്ടിയടയ്ക്കുമ്പോൾ നമ്മുക്ക് നേരേയുള്ള കരുതലിന്റെയും കരുണയുടെയും വാതിലുകളാണ് നാം കൊട്ടിയടക്കുന്നത് എന്ന ബോധ്യമുള്ളവന് സഹോദരന് നന്മ നിഷേധിക്കാൻ സാധിക്കില്ല!

ക്രിസതുവിന്റെ ചോദ്യം ഇതാണ്, "ഈ മൂവരിൽ ആരാണ് നല്ല അയൽക്കാരൻ?"

ഉത്തരം ഇങ്ങനെ, “അവനോട് കരുണ കാണിച്ചവൻ” എന്ന്. എങ്കിൽ ക്രിസ്തു നമ്മളെ ഓർമ്മപ്പെടുത്തുന്നത് ‘ആരാണ് എന്റെ അയൽക്കാരൻ’ എന്നല്ല, മറിച്ച്, ‘ആരായിരിക്കണം നല്ല അയൽക്കാരൻ’ എന്നാണ്. നമ്മുടെയൊക്കെ അയൽപ്പക്ക സങ്കൽപ്പങ്ങളെ മാറ്റി മറിക്കുന്ന ഒന്നാണ് ക്രിസ്തുവിന്റെ അയൽപ്പക്ക സങ്കൽപ്പങ്ങൾ. നമ്മളെ സ്നേഹിക്കുന്നവരെയും സഹായിക്കുന്നവരെയും സന്തോഷിപ്പിക്കുന്നവരെയും മാത്രം സ്നേഹിക്കാൻ നാം താത്പര്യം കാണിക്കുമ്പോൾ ക്രിസ്തു പറയുന്നു, അങ്ങനെയല്ല! നിനക്ക് നന്മകിട്ടുന്ന, സന്തോഷം കിട്ടുന്ന ഉറവിടങ്ങളെ മാത്രം സ്നേഹിച്ചാൽ പോര. മറിച്ച്, നിന്റെ സഹായം ആവിശ്യമുള്ളവരെ, നിന്റെ കരുണ ആവശ്യമുള്ളവരെ സ്നേഹിക്കാൻ കഴിയണമെന്നാണ്. പക്ഷെ, ജീവിതത്തിൽ പലപ്പോഴും ശല്ല്യങ്ങളെയും മാറാപ്പുകളെയും ഒഴിവാക്കാൻ ഏറെ തത്രപാട് പെടുന്നവരാണ് നാം. ഒരു പരിധി വരെയെങ്കിലും പുരോഹിതനും ലേവായനും മൃതപ്രാണനായി കിടന്നവനെ കണ്ടിട്ടും മറുവശത്തുകൂടി കടന്നുപോകുന്നതിന്റെ കാരണം ഈ നിലപാട് തന്നെയാണ്. ഓർക്കുക, അപ്പോഴൊക്കെ നാം വിസ്മരിക്കുന്നത്, ‘ആരായിരിക്കണം നല്ല അയൽക്കാരൻ’ എന്നതാണ്.

സമരിയക്കാരൻ വഴിയിൽ കിടക്കുന്നവനെ കണ്ട് മനസലിഞ്ഞു. മുമ്പേ കടന്നുപോയ രണ്ടുപേർക്കും ഇല്ലാതിരുന്നതും ഈ മനസലിവുതന്നെയാണ്. ഈ സമരിയക്കാരനെ വിശുദ്ധനാക്കിമാറ്റിയത് അന്യന്റെ വേദനയും ദുഃഖവും സ്വന്തം നൊമ്പരങ്ങളായി ഗണിക്കാൻ മാത്രം അലിവുണ്ടായതുകൊണ്ട് മാത്രമാണ്. അവന്റെ അനുകമ്പ അതിൽ മാത്രം ഒതുങ്ങുന്നില്ല, അത് പ്രവർത്തിയിലേയ്ക്ക് നയിക്കുകയാണ്. കഴുതപ്പുറത്ത് നിന്ന് ഇറങ്ങി, മുറിവേറ്റവന്റെ അടുത്ത് ചെന്നു, പ്രാഥമിക ശുശ്രൂഷകൾ നൽകി, തനിക്ക് മാത്രം യാത്രചെയ്യാനുള്ള കഴുതയുടെ പുറത്ത് കയറ്റി, സത്രത്തിൽ കൊണ്ടുചെന്നു, പരിചരിച്ചു, തുടർന്നുള്ള പരിചരണത്തിന് ആവശ്യമായ പണവും നൽകി. ഒപ്പം, തികഞ്ഞില്ലെങ്കിൽ അധികമായി വരുന്ന പണം നൽകികൊള്ളാമെന്ന വാഗ്ദാനവും. ആത്മീയത കുദാശകളിലോ കുദാശാനുകരണങ്ങളിലോ മാത്രം ഒതുങ്ങുന്ന ഒന്നല്ല. മറിച്ച്, കുദാശയും കുദാശാനുകരണങ്ങളും ബലി ജീവിതത്തിന് യോജിച്ച ബലം സമ്മാനിക്കുന്ന ഉറവിടങ്ങളാക്കി മാറ്റാൻ സാധിക്കണം. ചുരുക്കത്തിൽ, ‘വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി...’ എന്നുള്ള പ്രാർത്ഥനയും ചൊല്ലി ദേവാലയത്തിന്റെ പുറത്തേയ്ക്കിറങ്ങുന്നത്, ബലിജീവിതം ആരംഭിക്കാനും, നല്ല അയൽക്കാരനായി വർത്തിക്കുന്നതിനും വേണ്ടിയാണ്.

“ജീവിക്കുന്ന ശവപ്പറമ്പിനെ” “ജീവൻ തുടിക്കുന്ന സ്നേഹാലയ”മാക്കി മാറ്റിയ നല്ല സമരിയക്കാരനായ ‘ഡാമിയനെ’ ക്കുറിച്ച് കേൾക്കാത്തവർ വിരളമായിരിക്കും. 1831 ൽ ജനിച്ച് 1864 ൽ വൈദികനായി കുഷ്ഠരോഗികളുടെ പുനഃരധിവാസത്തിനായി മൊളോക്കോ ദ്വീപിലേയ്ക്ക് പോയത് തന്റെ 33 മത്തെ വയസിലാണ്, 1873 മെയ് 10 ന്. ഫ്രാൻസിലെ ഹവായ് ദ്വീപുകളിൽ കുഷ്ഠരോഗം പടർന്നു പിടിച്ചപ്പോൾ രോഗബാധ തടയാനായി രോഗബാധിതരെ മൊളോക്കോയ് ദ്വീപിലേയ്ക്ക് തള്ളി. ഭക്ഷണത്തിന്റെ ഗ്രാഹ്യം മൂലവും കേറിക്കിടക്കാൻ ഇടമില്ലാത്തതിന്റെ പേരിലും ‘ജീവിക്കുന്ന ശവപ്പറമ്പ്’ എന്ന പേരിലാണ് മൊളോക്കോയ് ദ്വീപ് അറിയപ്പെട്ടത്. ഇവിടെയുള്ളവരും തന്റെ മക്കളാണ് എന്ന തിരിച്ചറിവിൽ നിന്ന് ഇവർക്കിടയിൽ ശുശ്രൂഷ ആരംഭിച്ച ഫാ. ഡാമിയൻ അവരെ സ്നേഹിച്ചു... കരുണ കാണിച്ചു.... 1884 ൽ കുഷ്ഠരോഗിയായ് അവരിലൊരാളായ് മരിക്കുന്നത് വരെ. മറ്റുള്ളവരോട് നന്മ ചെയ്യുമ്പോൾ... കരുണ കാട്ടുമ്പോൾ... നാം നല്ല സമരിയക്കാരായി മാറ്റപ്പെടുകയാണ്!!!

ഏതാണ്
യഥാർത്ഥ മതം?
“വഴിവക്കിൽ
ഒരുവൻ ക്ഷീണിച്ച്
കിടക്കുമ്പോൾ
അവനെ എടുത്ത്
ശുശ്രൂഷിച്ച്
കരുണ
കാണിക്കുന്നതാണ് മതം.
അന്യനെ സേവിക്കൽ!”
സുകുമാർ അഴിക്കോട്

***“നമ്മുക്ക് പരസ്പരം സ്നേഹിക്കാം.***

***സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നുള്ളവനാണ്!***

**1 യോഹ 4,7**

ഫാ. ജോബി മേനോത്ത് : +91 944 7777 931